"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതിവകുപ്പ് - എക്സൈസ് - ജീവനക്കാര്യം - കൊല്ലം റേഞ്ചിലെ NDPS CR.NO.04/2022 കേസിലെ പ്രതിയായ രാഹുൽ കൃഷ്ണയെ ഡൽഹിയിൽനിന്ന് കസ്റ്റഡിയിൽ വാങ്ങുന്നതിന് ഡൽഹിയിലേയ്ക്കും തിരികെ ഡൽഹിയിൽ നിന്നും തിരുവനന്തപുരത്തേയ്ക്കും നടത്തിയ എക്സൈസ് ഉദ്യോഗസ്ഥരുടെ വിമാനയാത്ര -സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി(എഫ് )വകുപ്പ്**

**സ.ഉ.(സാധാ) നം.220/2026/TAXES തീയതി, തിരുവനന്തപുരം, 21-02-2026**

---

പരാമർശം:- എക്സൈസ് കമ്മീഷണറുടെ 15.10.2025-ലെ ഇ.എക്സ്.സി/3700/2025-എക്സ്.ഇ.6 നമ്പർ കത്തും 23.012025-ലെ EXC/165/2025-XA1 നമ്പർ കത്തും

**<u>ഉത്തരവ്</u>**

കൊല്ലം എക്സൈസ് റേഞ്ച് ഓഫീസിൽ രജിസ്റ്റർ ചെയ്ത NDPS CR.NO.04/2022 കേസിലെ പ്രതിയായ രാഹുൽ കൃഷ്ണയെ ഡൽഹിയിൽ നിന്ന് കസ്റ്റഡിയിൽ വാങ്ങുന്നതിന് കൊല്ലം എക്സൈസ് എൻഫോഴ്സ്മെന്റ് & ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ.എസ്.എസ്.ഷിജു, കൊല്ലം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ.എം.കൃഷ്ണകുമാർ, കൊല്ലം എക്സൈസ് സർക്കിൾ ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ.ശ്രീനാഥ് എസ്.എസ്. എന്നിവരെ നിയോഗിച്ച നടപടിക്ക് സാധൂകരണം നൽകുന്നതിനായി പരാമർശിത കത്തGപ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അടിയന്തര സാഹചര്യത്തിലാണ് സർക്കാർ അനുമതികൂടാതെ വ്യോമയാത്ര നടത്തിയിട്ടുള്ളത് എന്ന വസ്തുത പരിഗണിച്ച്, കൊല്ലം എക്സൈസ് എൻഫോഴ്സ്മെന്റ് & ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ.എസ്.എസ്.ഷിജു, കൊല്ലം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ.എം.കൃഷ്ണകുമാർ, കൊല്ലം എക്സൈസ് സർക്കിൾ ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ.ശ്രീനാഥ് എസ്.എസ്. എന്നീ ഉദ്യോഗസ്ഥർ NDPS CR.NO.04/2022 കേസിലെ പ്രതിയായ രാഹുൽ കൃഷ്ണയെ

ഡൽഹിയിൽ നിന്ന് കസ്റ്റഡിയിൽ വാങ്ങുന്നതിന് 12.01.2025 തീയതിയിൽ ഡൽഹിയിലേയ്ക്കും തിരികെ 22.01.2025 തീയതിയിൽ ഡൽഹിയിൽ നിന്നും തിരുവനന്തപുരത്തേയ്ക്കും നടത്തിയ വിമാനയാത്ര സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

അഡിഷണൽ സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.

2.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് -ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം.

3.ധനകാര്യ വകുപ്പ് (3039572/EXP-B1/63/2025-FIN DATED 07.02.2026).

4.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

5.കരുതൽ ഫയൽ / ഓഫീസ് കോപ്പി (F3/16/2025-TAXES).

ഉത്തരവിൻ പ്രകാരം

Signed by

Vivil Kumar

സെക്ഷൻ ഓഫീസർ

Date: 21-02-2026 11:10:26